प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

മേയ് 24, 2019

# കർണ്ണാടക സംസ്ഥാനത്തിലെ ബിജാപൂർ ബസവാൻ ബഗേവാടിയിൽ ശ്രീബാസവേശ്വർ സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ പിഴചുമത്തി

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (സഹകരണ സംഘങ്ങൾക്കു ബാധകമാംവിധം) സെക്ഷൻ 47A ഒപ്പം സെക്ഷൻ 46(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ബിജാപൂർ ബസാവാൻ ബാഗേവാടിയിൽ ശ്രീബസവേശ്വർ സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയുടെ പണപ്പിഴചുമത്തി. ആർബിഐ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും ലംഘിച്ച് ബാങ്കിന്റെ ഡയറക്ടർക്കും, ഡയറക്ടറുടെ ബന്ധുവിനും വായ്പകൾ അനുവദിച്ചതിനാണ് പിഴ ചുമത്തിയത്.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, സഹകരണ ബാങ്കിനു ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയപ്പോൾ ബാങ്ക് മുഖദാവിലെ ഒരു ഹിയറിംഗിനു ആവശ്യപ്പെട്ടു. കേസിന്റെ വസ്തുതകളും ബാങ്ക് സമർപ്പിച്ച നിവേദനങ്ങളും പരിഗണിച്ചതിൽ, ലംഘനങ്ങൾ സാരവത്താണെന്നും പണപ്പിഴ ചുമത്തേണ്ടത് ആവശ്യമാണെന്നുമുള്ള നിഗമനത്തിൽ ആർബിഐ എത്തുകയായിരുന്നു.

**അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്‌വൈസർ

**പ്രസ്സ് റിലീസ് 2018-2019/2759**